**കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി**
**റിവോൾവിംഗ് ഫണ്ട് പൗൾട്രി പ്രൊജക്റ്റ്**
**ഏവിയൻ റിസർച്ച് സ്റ്റേഷൻ, തിരുവാഴാംകുന്ന്**
**പാലക്കാട്-678 601**
**ഫോൺ നമ്പർ : 8281028206, ഇ-മെയിൽ : arst@kvasu.ac.in**

നമ്പർ:എ.ആർ.എസ്/ആർ.എഫ്/012/2025(i) തിയതി :04.07.2025

## ടെൻഡർ നോട്ടീസ്

കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി തിരുവാഴാംകുന്ന് ക്യാമ്പസ്സിൽ സ്ഥിതി ചെയ്യുന്ന ഏവിയൻ റിസർച്ച് സ്റ്റേഷൻറെ കീഴിൽ പ്രവർത്തിക്കുന്ന റിവോൾവിംഗ് ഫണ്ട് പൗൾട്രി പ്രോജക്റ്റിൻറെ ഭാഗമായുള്ള ഫീഡ് മില്ലിൽ/ഫാമിൽ നിന്ന് തീറ്റയും, അനുബന്ധ വസ്തുക്കളും സമയാസമയങ്ങളിൽ വിവിധ സ്ഥലങ്ങളില്ലേക്ക് വിതരണം ചെയ്യുന്നതിന് ഡ്രൈവർ സഹിതമുള്ള ചരക്കു വാഹനങ്ങൾ കയറ്റിറക്ക് കൂലി ഉൾപ്പടെ ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ വാഹന ഉടമകളിൽ നിന്നും മുദ്ര വെച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു.

### കരാർ സംബന്ധിച്ച സുപ്രധാന വിവരങ്ങൾ

ടെൻഡർ സമർപ്പിക്കുന്ന കവറിനു പുറത്തു "തിരുവാഴാംകുന്ന് ഏവിയൻ റിസർച്ച് സ്റ്റേഷൻറെ കീഴിൽ പ്രവർത്തിക്കുന്ന റിവോൾവിംഗ് ഫണ്ട് പൗൾട്രി പ്രോജക്റ്റിൻറെ ഭാഗമായുള്ള ഫീഡ് മില്ലിൽ/ഫാമിൽ നിന്ന് തീറ്റയും, അനുബന്ധ വസ്തുക്കളും സമയാസമയങ്ങളിൽ വിവിധ സ്ഥലങ്ങളിലേക്ക് വിതരണം ചെയ്യുന്നതിന് ഡ്രൈവർ സഹിതമുള്ള ചരക്കു വാഹനങ്ങൾക്കുള്ള ടെൻഡർ" എന്ന് രേഖപ്പെടുത്തിയിരിക്കണം.

ടെൻഡർ അയക്കേണ്ട വിലാസം : **സ്പെഷ്യൽ ഓഫീസർ & പി.ഐ, റിവോൾവിംഗ് ഫണ്ട് പൗൾട്രി പ്രൊജക്റ്റ്, എ.ആർ.എസ്. തിരുവാഴാംകുന്ന്.**

| | |
|---|---|
| ടെൻഡർ ലഭിക്കേണ്ട അവസാന തിയതി,സമയം | : 25.07.2025, 2 PM |
| ടെൻഡർ തുറക്കുന്ന തിയതി, സമയം | : 25.07.2025, 3 PM |
| കരാർ പ്രാബല്യം | : 1 വർഷം |
| ടെൻഡർ പ്രമാണങ്ങൾ സ്വീകരിക്കുന്ന ഓഫീസ് | : റിവോൾവിംഗ് ഫണ്ട് പൗൾട്രി പ്രൊജക്റ്റ് തിരുവാഴാംകുന്ന്, പാലക്കാട് |

(ടെൻഡറിന്റെ വിശദാംശങ്ങൾ ഇതോടൊപ്പം ചേർക്കുന്നു)

**സ്പെഷ്യൽ ഓഫീസർ & പി.ഐ**

Special Officer & PI
Revolving Fund Poultry Project
Avian Research Station
KVASU, Thiruvazhamkunnu

## വിശദാംശങ്ങൾ

മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള അനുബന്ധ ഫാമുകളിലേക്ക്

| ക്രമ നമ്പർ | വാഹനം | വാഹനം ഒരു കിലോമീറ്റർ ദൂരം സഞ്ചരിക്കുന്നതിനുള്ള നിരക്ക് |
|---|---|---|
| 1 | 0-1 ടൺ വരെ | |
| 2 | 1-2 ടൺ വരെ | |
| 3 | 2-4 ടൺ വരെ | |
| 4 | 4-6 ടൺ വരെ | |
| 5 | 6-8 ടൺ വരെ | |
| 6 | 8-10 ടൺ വരെ | |
| 7 | 10-12 ടൺ വരെ | |
| 8 | 12-14 ടൺ വരെ | |

ഉയർന്ന പ്രദേശങ്ങളിലേക്ക്(ഉദാ:അട്ടപ്പാടി,വയനാട്)

| ക്രമ നമ്പർ | വാഹനം | വാഹനം ഒരു കിലോമീറ്റർ ദൂരം സഞ്ചരിക്കുന്നതിനുള്ള നിരക്ക് |
|---|---|---|
| 1 | 0-1 ടൺ വരെ | |
| 2 | 1-2 ടൺ വരെ | |
| 3 | 2-4 ടൺ വരെ | |
| 4 | 4-6 ടൺ വരെ | |
| 5 | 6-8 ടൺ വരെ | |
| 6 | 8-10 ടൺ വരെ | |
| 7 | 10-12 ടൺ വരെ | |
| 8 | 12-14 ടൺ വരെ | |

മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള അനുബന്ധ ഫാമിലേക്ക്

| ക്രമ നമ്പർ | ഇനം | കൂലി (ചാക്കൊന്നിന്) |
|---|---|---|
| 1 | കയറ്റുകൂലി | |
| 2 | ഇറക്കുകൂലി | |
| 3 | കെട്ടു കൂലി | |

## നിബന്ധനകൾ

1. ടെൻഡർ സമർപ്പിക്കുന്ന കവറിനു പുറത്തു "തിരുവാഴാംകുന്ന് ഏവിയൻ റിസർച്ച് സ്റ്റേഷൻറെ കീഴിൽ പ്രവർത്തിക്കുന്ന റിവോൾവിംഗ് ഫണ്ട് പൗൾട്രി പ്രോജക്ടിൻറെ ഭാഗമായുള്ള ഫീഡ് മില്ലിൽ/ഫാമിൽ നിന്ന് തീറ്റയും, അനുബന്ധ വസ്തുക്കളും സമയാസമയങ്ങളിൽ വിവിധ സ്ഥലങ്ങളിലേക്ക് വിതരണം ചെയ്യുന്നതിന് ഡ്രൈവർ സഹിതമുള്ള ചരക്കു വാഹനങ്ങൾക്കുള്ള ടെൻഡർ" എന്ന് രേഖപ്പെടുത്തിയിരിക്കണം.
2. കരാറിന്റെ കാലയളവ് ടെൻഡർ സ്വീകരിച്ചതു മുതൽ ഒരു വർഷത്തേക്കുള്ള കാലയളവിലേക്കാണ്. ഈ കാലയളവിൽ യാതൊരു കാരണവശാലും കരാർ തുക വർധിപ്പിക്കുന്നതല്ല.
3. മൃഗസംരക്ഷണ വകുപ്പിനു കീഴിലുള്ള ഫാമിലേക്ക് വാഹനം ലോഡോടു കൂടിയും, ലോഡില്ലാതെയും ഒരു കിലോമീറ്റർ സഞ്ചരിക്കുന്നതിനുള്ള നിരക്ക് വ്യക്തമായി രേഖപ്പെടുത്തണം.
4. മൃഗസംരക്ഷണ വകുപ്പിനു കീഴിലുള്ള ഫാമിലേക്ക് തീറ്റ നൽകുന്നതിനുള്ള ആവശ്യമായ വാഹനത്തിന് കുറഞ്ഞത് 10 ടൺ പെർമിറ്റ് ഉണ്ടായിരിക്കണം.
5. ഒരു മാസം സഞ്ചരിക്കേണ്ട പരമാവധി ദൂരം 8000 മുതൽ 9000 കി മി ആയിരിക്കും.
6. ടെൻഡറിനോടൊപ്പം ഓടാൻ ഉദ്ദേശിക്കുന്ന വാഹനത്തിൻറെ പെർമിറ്റ്, ഇൻഷുറൻസ്, തുടങ്ങിയ എല്ലാവിധ ഔദ്യോഗിക രേഖകളുടെയും പകർപ്പ് സമർപ്പിക്കേണ്ടതാണ്. കൃത്യമായ രേഖകൾ നൽകാത്ത ടെൻഡർ സ്വീകരിക്കുന്നതല്ല.
7. കരാർ എടുക്കാൻ ഉദ്ദേശിക്കുന്ന വ്യക്തി ടെൻഡറിനോടൊപ്പം പാൻ കാർഡിന്റെ പകർപ്പ് സമർപ്പിക്കേണ്ടതാണ്.
8. ടെൻഡറിൽ കയറ്റിറക്ക് കൂലി ചാക്കൊന്നിന് എത്രയെന്നു വ്യക്തമായി രേഖപ്പെടുത്തണം.
9. ഫീഡ് കയറ്റിറക്കു ജോലി തിരുവിഴാംകുന്നിലെ അംഗീകൃത യൂണിയൻ തൊഴിലാളികളാണ് ചെയ്യുന്നത്. കയറ്റിറക്ക് തൊഴിലാളികൾക്കുള്ള കൂലി അതാത് സമയത്ത് തന്നെ കരാറുകാരൻ നൽകേണ്ടതാണ്.
10. ടെൻഡർ ലഭിച്ച കരാറുകാരൻ സെക്യൂരിറ്റി ഡിപ്പോസിറ്റായി ഒരു വർഷത്തെ കരാർ തുകയുടെ 5% ആയ തുക സ്പെഷ്യൽ ഓഫീസർ & പി.ഐ, റിവോൾവിംഗ് ഫണ്ട് പൌൾട്രി പ്രൊജക്റ്റ്, എ.ആർ.എസ് തിരുവാഴാംകുന്ന് എന്ന പേരിൽ എസ്. ബി .ഐ അലനല്ലൂർ ബ്രാഞ്ചിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റായോ, ഓഫീസിൽ നേരിട്ടോ അടക്കേണ്ടതാണ്.
11. ടെൻഡർ ഫോമിൻറെ വില ആയ രൂപ 5664/- (4800 + Gst 18% Amount Rs.864/-) രൂപയുടെയും നിരതദ്രവ്യം ആയ് രൂപ 32000 രൂപയുടെയും വെവേറെ ഡിമാൻഡ് ഡ്രാഫ്റ്റായി ടെൻഡറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
12. ടെൻഡർ ഫോമിൻറെ വില ആയ 5664/- രൂപയും നിരതദ്രവ്യം ആയ 32000/-രൂപയും സ്പെഷ്യൽ ഓഫീസർ & പി.ഐ, റിവോൾവിംഗ് ഫണ്ട് പൌൾട്രി പ്രൊജക്റ്റ്, എ.ആർ.എസ് തിരുവാഴാംകുന്ന് എന്ന പേരിൽ എസ്. ബി.ഐ അലനല്ലൂർ ബ്രാഞ്ചിൽ മാറാവുന്ന വെവേറെ ഡിമാൻഡ് ഡ്രാഫ്റ്റായി ടെൻഡറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.മേൽ പറഞ്ഞ തുകകൾക്കുള്ള ഡിമാൻഡ് ഡ്രാഫ്റ്റുകൾ ടെൻഡറിനോടൊപ്പം സമർപ്പിക്കാത്ത ടെൻഡറുകൾ നിരസിക്കുന്നതാണ്.
13. ഏർപ്പെട്ട കരാറിൽ നിന്ന് പിന്മാറാൻ ഉദ്ദേശ്യമുള്ള പക്ഷം കുറഞ്ഞത് ഒരു മാസം മുൻപ് ബന്ധപ്പെട്ട അധികാരിക്ക് മുൻപാകെ നോട്ടീസ് നൻകേണ്ടതാണ്. നോട്ടീസ് നൽകാതെ കരാറിൻറെ നിന്ന് പിൻമാറിയാൽ ഫീഡ് മില്ലിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദിയായിരിക്കും
14. വാഹനത്തിൻറെ അറ്റകുറ്റ പണികൾ കരാറുകാരൻ സ്വന്തം ചിലവിൽ നടത്തേണ്ടതാണ്. കരാറു കാലയളവിൽ വാഹനത്തിനോ മറ്റു സ്വത്തുക്കൾക്കോ ജീവനോ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് യൂണിവേഴ്സിറ്റിക്ക് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.
15. ഡ്രൈവറുടെ വേതനം, ഇന്ധനം,ടോൾ എന്നിവ കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്.

16. സ്പെഷ്യൽ ഓഫീസർക്ക് എപ്പോൾ വേണമെങ്കിലും ഏർപ്പെട്ട കരാർ കാരണമൊന്നും ബോധിപ്പിക്കാതെ 48 മണിക്കൂർ സമയത്തെ നോട്ടീസ് നൽകി റദ്ദാക്കാവുന്നതാണ്.
17. കരാറുകാരൻ 200 രൂപ മുദ്ര പത്രത്തിൽ നിശ്ചിത മാതൃകയിൽ കരാർ വ്യവസ്ഥ ഒപ്പ് വെക്കേണ്ടതാണ്.
18. തൃപ്തികരമായ രീതിയിൽ ഫീഡ് വിതരണം ചെയ്ത ശേഷമേ ബിൽ തുക അനുവദിക്കുകയുള്ളൂ. ഫീഡ് തൃപ്തികരമായ രീതിയിൽ വിതരണം ചെയ്ത ശേഷം ഒരു മാസത്തെ മൊത്തം ബിൽ കയറ്റിറക്ക് കൂലി ഉൾപ്പെടെ നൽകേണ്ടതാണ്. തുക ഒരുമിച്ച് അടുത്തമാസം നൽകുന്നതാണ്. യാതൊരു കാരണവശാലും തുക മുൻകൂറായി നൽകുന്നതല്ല.
19. കരാറുകാരൻ വാഹനം നിശ്ചിത സമയത്ത് നൽകാതെയോ ഇടക്കുവെച്ച് നിർത്തുകയോ ചെയ്താൽ അടുത്ത കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വ്യക്തിക്ക് കരാർ നൽകുന്നതായിരിക്കും.
20. ഈ സേവനവുമായി ബന്ധപെട്ട് വരുന്ന ഗവണ്മെന്റ് നിഷ്കർഷിക്കുന്ന എല്ലാവിധ നികുതികളും നൽകുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.
21. ആദായ നികുതി തുടങ്ങി അനുബന്ധ നികുതികളും അടക്കേണ്ടതിനാൽ ബില്ലിൽ നിന്നും അത്രയും തുക കുറച്ച മാത്രമേ കരാറുകാരന് നൽകുകയുള്ളൂ.
22. സ്പെഷ്യൽ ഓഫീസർ, അദ്ദേഹം അധികാരപ്പെടുത്തുന്ന വ്യക്തിയ്ക്കോ, വ്യക്തികൾക്കോ അദ്ദേഹം ആവശ്യപ്പെടുന്ന സമയത്ത് കൃത്യമായി ഡ്രൈവറും വാഹനവും വരുകയും കൃത്യസമയത്ത് ഫീഡ് ഫാമുകളിൽ തൃപ്തികരമായ രീതിയിൽ എത്തിക്കുകയും ചെയ്യണം.
23. ഒരേ ദിവസം തന്നെ ഒന്നിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് ഫീഡ് വിതരണം ചെയ്യേണ്ടതായി വന്നാൽ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ പകരം വാഹനം ഏർപ്പാടാക്കി നൽകേണ്ടതാണ്.
24. വാഹനത്തിനു എന്തെങ്കിലും തകരാർ സംഭവിച്ചാൽ പകര സംവിധാനം കരാറുകാരൻ ഉണ്ടാക്കേണ്ടതും, അക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ കരാറുകാരന്റെ ചിലവിൽ സ്ഥാപനം തന്നെ വേറെ വാഹനം ലഭ്യമാക്കുകയും അതുമൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദിയായിരിക്കും.
25. സ്പെഷ്യൽ ഓഫീസറോ, അദ്ദേഹം അധികാരപ്പെടുത്തുന്ന വ്യക്തിയോ വ്യക്തികളോ പുറപ്പെടുവിക്കുന്ന ഏതൊരു നിർദ്ദേശവും പാലിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.
26. 25.07.2025, 2 മണി വരെ ലഭ്യമാകുന്ന എല്ലാ ടെൻഡറുകളും സ്പെഷ്യൽ ഓഫീസറുടെ സൂക്ഷമ പരിശോധനക്ക് വിധേയമാക്കി ഏറ്റവും കുറഞ്ഞ നിരക്ക് പ്രദർശിപ്പിക്കുകയും മേൽ പറഞ്ഞ നിബന്ധനകൾക്കു വിധേയമായി പ്രവർത്തിക്കാമെന്നു ഉറപ്പ നൽകുകയും ചെയ്യുന്ന കക്ഷിക്ക് കരാർ നൽകപ്പെടുന്നതാണ്.
27. വൈകി സമർപ്പിക്കപ്പെടുന്നതും അപൂർണ്ണവും ആയ ടെൻഡറുകൾ സ്വീകരിക്കുന്നതല്ല
28. ഈ ടെൻഡർ സംബന്ധിച്ച ഏതൊരു തീരുമാനവും കൈക്കൊള്ളുന്നതിനും ടെൻഡറിൽ പങ്കെടുക്കുന്ന വ്യക്തികളോട് യാതൊരു കാരണം ബോധിപ്പിക്കാതെ ടെൻഡർ നിരാകരിക്കരിക്കുന്നതിനുള്ള പരിപൂർണ്ണ അവകാശം സ്പെഷ്യൽ ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.
29. ഗവണ്മെന്റ് ടെൻഡറിന്റെ എല്ലാ വ്യവസ്ഥകളും ഈ ടെൻഡറിനും ബാധകമാണ്.

REVOLVING FUND POULTRY PROJECT • AVIAN RESEARCH STATION • THIRUVAZHAMKUNNU

സ്പെഷ്യൽ ഓഫീസർ & പി.ഐ

Special Officer & PI
Revolving Fund Poultry Project
Avian Research Station
KVASU, Thiruvazhamkunnu

പകർപ്പ് : നോട്ടീസ്ബോർഡ്/സി.എ.എസ്.എം./എൽ.ആർ.എസ്.തിരുവാഴാംകുന്ന്/ഫയൽ/
യൂണിവേഴ്സിറ്റി വെബ് സൈറ്റ്